## പതിനാലാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2107** — **01.02.2018-ൽ മറുപടിയ്ക്ക്**

### സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് പദ്ധതി പ്രകാരം ഇരുന്നൂറോളം സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടാനുള്ള സാഹചര്യമുണ്ടെങ്കിലും ചികിത്സാ ചെലവിന്റെ 20 മുതൽ 30 ശതമാനം വരെയുള്ള തുക മാത്രമാണ് റീ- ഇംബേഴ്സ്മെന്റ് അനുവദിക്കുന്നത് എന്നതു പരിഗണിച്ച് സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ- ഇംബേഴ്സ്മെന്റ് സംവിധാനം പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | എ) ബി) സി) | സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രി കളിൽ മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം മുഖേന ക്യാഷ് ലെസ് ട്രീറ്റ്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യവകുപ്പിൽ പുരോഗമിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സംവിധാനം പരിഷ്കരിക്കേണ്ട ആവശ്യം ഇല്ല. |
| ബി) | ആരോഗ്യ വകുപ്പിൽ നിന്നും എൻലിസ്റ്റ് ചെയ്യപ്പെട്ട ഇരുന്നൂറോളം സ്വകാര്യ ആശുപത്രികളിലെ സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്ക് ഒ പി ഉൾപ്പെടെ ക്യാഷ് ലെസ്സ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| സി) | നിലവിലുള്ള റീ- ഇംബേഴ്സ്മെന്റ് പട്ടിക പരിഷ്കരിച്ച് ജീവിതശൈലി രോഗങ്ങൾ ഉൾപ്പെടെയുള്ള പുതിയ രോഗങ്ങളുടെ ചികിത്സയ്ക്കുള്ള മരുന്നുകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ച് സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവ് പൂർണ്ണമായും തിരികെ ലഭ്യമാക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ ഉൾപ്പെടുത്തി നിലവിലെ നിയമം കാലോചിതമായി പരിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ